Vol-1,N0:33
10-12-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

# ജാഗ്രത

## പ്രധാനവാർത്തകൾ

01. നിരീശ്വരത്വത്തെ വിമർശിച്ചു മാർപാപ്പയുടെ ചാക്രികലേഖനം
02 വിശ്വാസികൾ മക്കളെ സഭാ സ്കൂളുകളിൽ തന്നെ പഠിപ്പിക്കണമെന്ന് മാർ പൗവ്വത്തിൽ
03. ലഹരിമുക്ത ക്രിസ്മസ്: ഒരു ലക്ഷം കുടുംബങ്ങൾക്ക് കത്തെഴുതും
04. ദലിത് ക്രൈസ്തവർക്ക് സംവരണം തേടി ധർണ,നിവേദനം
05. സാമൂഹികാധിഷ്ഠിത പുനരധിവാസ പദ്ധതി വ്യാപിപ്പിക്കണം: മാർ ചക്യത്ത്
06. നാഗമ്പാടത്തെ ഫ്ളാറ്റ് നിലനിൽക്കാൻ അർഹതയില്ലാത്തത്: മുഖ്യമന്ത്രി
07. മതമേധാവികളെ വിമർശിക്കുന്നത് പാപ്പരത്തം.
08. മാർ പവ്വത്തിലിനെ വർഗീയവാദിയാക്കുന്നതു നിക്ഷിപ്ത താത്പര്യക്കാർ: കത്തോലിക്കാ കോൺഗ്രസ്

### 01. നിരീശ്വരത്വത്തെ വിമർശിച്ചു മാർപാപ്പയുടെ ചാക്രികലേഖനം ( ദീപിക, 1-12-2007)

ചരിത്രത്തിലെ ഏറ്റവും വലിയ ക്രൂരതകൾക്കും നീതിലംഘനങ്ങൾക്കും വഴി തെളിച്ചിട്ടുള്ളത് നിരീശ്വരവാദമാണെന്ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ. "സ്പേ സാൽവി " (പ്രത്യാശയിൽ രക്ഷ) എന്ന ചാക്രികലേഖനത്തിലാണ് മാർപാപ്പ നിരീശ്വരത്വത്തെ വിമർശിച്ചിരിക്കുന്നത്. മാർപാപ്പയുടെ രണ്ടാമത്തെ ചാക്രികലേഖനമായ ഇത് പുറത്തു വിട്ടു. മനുഷ്യൻ ഭാവിയെപ്പറ്റിയുള്ള പ്രത്യാശ വയ്ക്കേണ്ടത് സാങ്കേതിക വിദ്യയിലോ സമ്പത്തിലോ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളിലോ അല്ലെന്നു ചൂണ്ടിക്കാട്ടുന്നു. അവ നൽകുന്നതു മിക്കപ്പോഴും വ്യാമോഹങ്ങൾ മാത്രമാണ്. ദൈവത്തിലാണ് മനുഷ്യൻ പ്രത്യാശ വയ്ക്കേണ്ടത്. പ്രത്യാശയിൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന വിശുദ്ധ പൗലോസിന്റെ വാക്യമാണ് "സ്പേ സാൽവി " എന്ന ലാറ്റിൻ ശീർഷകത്തിന്റെ അടിസ്ഥാനം. എഴുപത്തഞ്ചു പേജുള്ള ഈ ചാക്രികലേഖനം ക്രൈസ്തവമായ പ്രത്യാശയിൽ ശക്തി കണ്ടെത്താനുള്ള ആഹ്വാനമാണ്.

വിശുദ്ധരേയും തത്ത്വചിന്തകരേയും എഴുത്തുകാരേയും മറ്റും ഉദ്ധരിച്ചുകൊണ്ട് വളരെ പണ്ഡിതോചിതമായ ശൈലിയിൽ എഴുതിയിരിക്കുന്ന ഈ ചാക്രികലേഖനം ദൈവശാസ്ത്രപരവും സാമൂഹിക ശാസ്ത്രപരവുമായ ഈടുറ്റ ലേഖനമാണ്. ലോകത്തിലെയും ലോകചരിത്രത്തിലെയും അനീതികളിൽ പ്രതിഷേധിക്കാൻ ചിലർ, പ്രത്യേകിച്ച് പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ നിരീശ്വരവാദത്തെ ഒരുതരം ധാർമികവാദമായി അവതരിപ്പിച്ചുവെന്ന് മാർപാപ്പ "സ്പേ സാൽവി"യിൽ ചൂണ്ടിക്കാട്ടുന്നു. അനീതിയും നിരപരാധികളുടെ ദുരിതങ്ങളും ഇത്രമേൽ നടമാടുന്ന ലോകം ഒരു നല്ല ദൈവത്തിന്റെ സൃഷ്ടിയാകാൻ വഴിയില്ലെന്നു നിരീശ്വരവാദികൾ വാദിച്ചു. ഇത്തരമൊരു ലോകത്തിനു ഉത്തരവാദിയായ ദൈവം നീതിമാനായ ദൈവമോ നല്ലവനായ ദൈവമോ ആകില്ലെന്നു അവർ പറഞ്ഞു. ദൈവത്തിനു അസ്തിത്വമില്ലാത്തതിനാൽ മനുഷ്യൻ സാമൂഹികനീതി നടപ്പാക്കണമെന്നു മാർക്സിസം പോലുള്ള പ്രത്യയശാസ്ത്രങ്ങൾ പഠിപ്പിച്ചു. ആ പ്രത്യയശാസ്ത്രങ്ങൾ തെറ്റാണെന്ന് ചരിത്രം തെളിയിച്ചിരിക്കയാണെന്നു ചാക്രികലേഖനം പറയുന്നു. "ഈ ആശയം ഏറ്റവും കടുത്ത ക്രൂരതയിലേക്കും നീതി ലംഘനങ്ങളിലേക്കും നയിച്ചുവെന്നതു യാദൃച്ഛികമല്ല...

തികഞ്ഞ അബദ്ധമാണ് ഈ ആശയത്തിന്റെ അടിസ്ഥാനം, "മാർപാപ്പ ചൂണ്ടിക്കാട്ടുന്നു. ഭയാനകമായ നശീകരണമാണ് മാർക്സിസം വരുത്തിവെച്ചത്. സാമ്പത്തികാവസ്ഥകളുടെ ഉത്പന്നം മാത്രമല്ല, മനുഷ്യൻ എന്നു മനസ്സിലാക്കാൻ ആ പ്രത്യയശാസ്ത്രത്തിനു കഴിയാതെ പോയതാണ് ഇതിനു കാരണം. ക്രൈസ്തവർ ഭാവിയെക്കുറിച്ചുള്ള പ്രത്യാശ നിക്ഷേപിക്കേണ്ടതും ദൈവത്തിലാണെന്നും "സ്പേ സാൽവി "ഓർമ്മിപ്പിക്കുന്നു. "പുരോഗതി ശരിയായ കൈകളിലല്ലെങ്കിൽ അതു തിൻമയുടെ ഭയാനകമായ പുരോഗതിക്കായി മാറാമെന്നതു നാം കണ്ടിട്ടുണ്ട്. സാങ്കേതികപുരോഗതിയോടൊപ്പം സമാനമായ പുരോഗതി മനുഷ്യന്റെ ധാർമിക രൂപീകരണത്തിലും ആന്തരീക വളർച്ചയിലും ഉണ്ടാകുന്നില്ലെങ്കിൽ അത് പുരോഗതിയേ അല്ല. മറിച്ച്, അത് മനുഷ്യനും ലോകത്തിനും ഭീഷണിയാണ്. ലളിതമായി പറഞ്ഞാൽ, മനുഷ്യനു ദൈവത്തെ ആവശ്യമാണ്, അല്ലെങ്കിൽ അവൻ പ്രത്യാശയില്ലാത്തവനായി ഭവിക്കും," മാർപാപ്പ പറയുന്നു. "ദേവൂസ് കാരിത്താസ് എസ്ത്" (ദൈവം സ്നേഹമാണ്) ആയിരുന്നു ബെനഡിക്ട് മാർപാപ്പയുടെ ആദ്യത്തെ ചാക്രികലേഖനം.

02. **വിശ്വാസികൾ മക്കളെ സഭാ സ്കൂളുകളിൽ തന്നെ പഠിപ്പിക്കണമെന്ന് മാർ പൗവ്വത്തിൽ**

(സിറാജ് 3-12-2007)

സഭാ വിശ്വാസികൾ തങ്ങളുടെ മക്കളെ സഭയ്ക്കു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ പഠിപ്പിക്കണമെന്ന് ഇന്റർ ചർച്ച് കൗണസിൽ ഫോർ എജ്യുക്കേഷൻ ചെയർമാൻ മാർ ജോസഫ് പൗവ്വത്തിൽ പറഞ്ഞു. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവരാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ ചെറുക്കുമെന്ന് അദ്ദേഹം പറഞ്ഞു. ലൂർദ് പള്ളിയിൽ നടന്ന ചങ്ങനാശേരി അതിരൂപത പിതൃവേദിയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് അനുവദിച്ച അവകാശങ്ങൾ സംരക്ഷിക്കാനാണ് സഭ പരിശ്രമിക്കുന്നത്. ധാർമ്മികതയും ആത്മീയതയും സംരക്ഷിക്കുന്നതിനും അവ തലമുറകൾക്ക് കൈമാറുന്നതിനുമാണ് സഭ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നത്. എല്ലാ രാജ്യങ്ങളിലും ജനാധിപത്യത്തിന്റെ സ്വഭാവമായ വിദ്യാഭ്യാസ സ്വാതന്ത്ര്യമുണ്ട്. യുക്തിയും ശാസ്ത്രവും മതിയെന്നാണ് ഒരു തലമുറ ചിന്തിച്ചിരുന്നത്. കമ്മ്യൂണിസം പരാജയമായിരുന്നു എന്നത് കാലം തെളിയിച്ച സത്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഭൗതികരംഗത്തെ അറിവ് നമ്മുടെ കുട്ടികൾ സമ്പാദിക്കുമ്പോൾ അവയോടൊപ്പം ആവശ്യമായ ജീവിത ദർശനം കൂടി പകർന്നു നൽകിയില്ലെങ്കിൽ ക്രൈസ്തവത്വം നഷ്ടമാകും. സഭയുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കാൻ മാതാപിതാക്കൾക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. എന്തു ത്യാഗം സഹിച്ചും വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുമെന്ന് വിശ്വാസികൾ പ്രഖ്യാപനം നടത്തി. പിതൃവേദി പ്രസിഡന്റ് ലാലി ഇളപ്പുങ്കൽ ചൊല്ലിക്കൊടുത്ത പ്രഖ്യാപനത്തെ വിശ്വാസികൾ കയ്യടിച്ച് പിന്തുണച്ചു. ആഘോഷ പരിപാടികൾ മാർത്താണ്ഡവർമ്മ ഉത്ഘാടനം ചെയ്തു. മലങ്കര കത്തോലിക്ക സഭ മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് മാർ ക്ലിമീസ് കതോലിക്കാ ബാവ അദ്ധ്യക്ഷനായിരുന്നു, നിരീശ്വരവാദത്തെ പൂർണ്ണമായും ഒഴിവാക്കണം. വിശ്വാസികൾ പൂർണ്ണമായും തങ്ങളുടെ മക്കളെ ധാർമ്മികതയെക്കുറിച്ചും ജീവിത ദർശനത്തെക്കുറിച്ചും അവബോധം ഉള്ളവരാക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. നിരീശ്വരവാദത്തെ എന്തു വില കൊടുത്തും എതിർക്കുമെന്നും അദ്ദേഹം പറഞ്ഞു.

03. **ലഹരിമുക്ത ക്രിസ്മസ്: ഒരു ലക്ഷം കുടുംബങ്ങൾക്ക് കത്തെഴുതും** (മലയാള മനോരമ 2-12-2007)

ലഹരിയില്ലാത്ത ക്രിസ്മസ് ആഘോഷത്തിന് സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ ഒരു ലക്ഷത്തോളം കത്തോലിക്കാ കുടുംബങ്ങൾക്ക് കത്തെഴുതും. ലഹരി വിമുക്ത ക്രിസ്മസ് ആഘോഷമെന്ന അതിരൂപതയുടെ ക്യാംപയിന്റെ ഭാഗമായുള്ള ഈ കത്തുകൾ പാരിഷ് കൗൺസിൽ വഴി വിതരണം ചെയ്യും. അതിരൂപതയിലെ സൺഡേ സ്കൂൾ ക്ലാസുകളിലെ വിദ്യാർഥികൾ കുടുംബങ്ങളിലേക്കും മദ്യം വർജ്ജിക്കാൻ ആവശ്യപ്പെട്ട് കത്തുകൾ തയ്യാറാക്കും. ഇരുപത്തഞ്ചു നോമ്പാചരണം തുടങ്ങിയ ശേഷമുള്ള ആദ്യ ഞായറാഴ്ച കത്തോലിക്കാ ദേവാലയങ്ങളിൽ കുർബാന മധ്യേയുള്ള പ്രസംഗം മദ്യ വിപത്തിനെതിരായിരിക്കും. തുടർന്നു വരുന്ന മൂന്നു ഞായറാഴ്ചകളിലും മദ്യവർജ്ജനം സംബന്ധിച്ചുള്ള വിവിധ പരിപാടികൾ ഉണ്ടാകും. സഭ ലഹരിവിമുക്ത

വർഷമായി ആചരിക്കുന്നതിന്റെ പരിസമാപ്തികൂടിയാണ് ലഹരിവിമുക്ത ക്രിസ്മസ്. ക്രിസ്മസ് ആഘോഷവേളയിലാണ് ഏറ്റവും കൂടുതൽ മദ്യം ചെലവാകുന്നതെന്ന കണക്കിന്റെ അടിസ്ഥാനത്തിൽ ആഘോഷങ്ങൾക്കു സ്നേഹത്തിലും സൗഹാർദ്ദത്തിലും അധിഷ്ഠിതമായ പുതിയൊരു സംസ്കാരം രൂപപ്പെടുത്തുകയാണ് അതിരൂപതയുടെ ലക്ഷ്യം. അതിരൂപതയ്ക്ക് കീഴിലെ 330 ഇടവകകളിൽ പോസ്റ്റർ, ബാനർ ക്യാംപയിനുകളും സൈക്കിൾ റാലി, പദയാത്രകൾ എന്നിവയും സംഘടിപ്പിക്കും. 13ന് ടൗൺ ഹാൾ മുതൽ ഹൈക്കോടതി ജംഗ്ഷൻ വരെ വൈകീട്ട് നാലു മുതൽ ആറു വരെ നിശ്ചല റാലി നടത്താനും അതിരൂപത തീരുമാനിച്ചിട്ടുണ്ട്. മദ്യ വിപത്തിനെതിരെയുള്ള ബാനറുകളുമേന്തി ഗതാഗത തടസ്സമുണ്ടാക്കാതെയായിരിക്കും റാലി.

04.**ദലിത് ക്രൈസ്തവർക്ക് സംവരണം തേടി ധർണ,നിവേദനം** (മലയാള മനോരമ 30-11-2007)

ദലിത് ക്രിസ്ത്യാനികൾക്ക് സംവരണം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് സി.ബി.സി.ഐ.യുടെയും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെയും ആഭിമുഖ്യത്തിൽ ജന്തർമന്തറിൽ ധർണ നടത്തി. ഡൽഹി ആർച്ച് ബിഷപ് വിൽസെന്റ് എം. കൊൺസസാവോ ഉദ്ഘാടനം ചെയ്തു. ക്രിസ്ത്യൻ മതവിശ്വാസികളാകുന്നതുകൊണ്ടു ദലിതർക്കു നീതി നിഷേധിക്കപ്പെടുന്നതു വേദനാജനകമാണെന്നും പ്രശ്നം പരിഹരിക്കാൻ അധികൃതർ തയാറാകണമെന്നും ആർച്ച് ബിഷപ് പറഞ്ഞു. സിബിസിഐ സെക്രട്ടറി ജനറൽ ആർച്ച് ബിഷപ് സ്റ്റനിസ്ലാവോസ് ഫെർണാണ്ടസ്, മദ്രാസ് ആർച്ച് ബിഷപ് ചിന്നപ്പ, മധുര ആർച്ച് ബിഷപ് പീറ്റർ ഫെർണാണ്ടൊ, ബിഷപ്പുമാരായ സുനിൽ സിംഗ്, നീതിനാഥൻ, സിപിഐ ജനറൽ സെക്രട്ടറി എ.ബി. ബർദൻ തുടങ്ങിയവർ പങ്കെടുത്തു. ദലിത് ക്രിസ്ത്യാനികളെ പട്ടികവിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ദേശീയ മത-ഭാഷ ന്യൂനപക്ഷ കമ്മീഷന്റെ ശുപാർശ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്കു നിവേദനവും നൽകി.

05.**സാമൂഹികാധിഷ്ഠിത പുനരധിവാസ പദ്ധതി വ്യാപിപ്പിക്കണം: മാർ ചക്യത്ത്** (ദീപിക 4-12-2007)

വികലാംഗരുടെ ക്ഷേമത്തിനായി വെൽഫെയർ സർവീസസ് നടപ്പിലാക്കി വരുന്ന സാമൂഹികാധിഷ്ഠിത പുനരധിവാസ പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കണമെന്ന് എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ തോമസ് ചക്യത്ത്. ഈ പദ്ധതിയുടെ ഭാഗമായി അങ്കമാലി ബ്ലോക്കിലെ കുറവൂർ, മുക്കന്നൂർ, അയ്യമ്പുഴ പഞ്ചായത്തുകളെ ഉൾപ്പെടുത്തി അങ്കമാലിയിൽ നടത്തിയ ലോകവികലാംഗ ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അങ്കമാലി സി.എസ്.എ ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനത്തിൽ അങ്കമാലി ഫൊറോന വികാരി ഫാ. പോൾ കരിയാറ്റി അധ്യക്ഷനായിരുന്നു. വികലാംഗർക്കായി ഏർപ്പെടുത്തിയിട്ടുള്ള ലോൺ മേളയുടെ ഉദ്ഘാടനം ജോസ് തെറ്റയിൽ എംഎൽഎ നിർവ്വഹിച്ചു. തുറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എൻ. വിഷ്ണു, മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഏലിയക്കുട്ടി ആന്റണി, ലിറ്റിൽ ഫ്ളവർ ആശുപത്രി ഡയറക്ടർ സെബാസ്റ്റ്യൻ വടക്കുംപാടൻ, ടി.എസ് ചന്ദ്രൻ, രാജു ഭാസ്കർ തുടങ്ങിയവർ പ്രസംഗിച്ചു. എറണാകുളം-അങ്കമാലി സാമൂഹിക പ്രവർത്തനവിഭാഗമായ വെൽഫെയർ സർവീസസിന്റെ നേതൃത്വത്തിലായിരുന്നു ആഘോഷപരിപാടികൾ. ഇന്നലെ രാവിലെ പത്തിന് നടത്തിയ മനുഷ്യച്ചങ്ങല റാലി വെൽഫെയർ സർവീസസ് ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി ഉദ്ഘാടനം ചെയ്തു. അസിസ്റ്റൻറ് ഡയറക്ടർ ഫാ.ജോസ് ഭരണികുളങ്ങര ആമുഖ പ്രസംഗം നടത്തി. അങ്കമാലി എൽ. എഫ് ആശുപത്രിയുടെ മുൻപിൽ നിന്നും ആരംഭിച്ച റാലി ടി.ബി റോഡിലൂടെ പൊതുസമ്മേളന വേദിയായ സി.എസ്.എ ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്നു. അങ്കമാലി കേന്ദ്രമായി പ്രവർത്തിക്കുന്ന സ്പെഷൽ സ്കൂളുകളിലെ വിദ്യാർത്ഥികളും റാലിയിൽ പങ്കെടുത്തു.

07. **മതമേധാവികളെ വിമർശിക്കുന്നത് പാപ്പരത്തം.** (ജൻമഭൂമി 5-12-2007)

പാർട്ടിക്കുള്ളിലെ വിഭാഗീയതയിൽ നിന്ന് സ്വന്തം അണികളുടെയും മാധ്യമങ്ങളുടെയും ശ്രദ്ധ തിരിച്ചു വിടാനായി പാർട്ടി സമ്മേളനങ്ങൾ മതമേലദ്ധ്യക്ഷൻമാരെ ഉപദേശിക്കുവാനും വിമർശിക്കുവാനുമുള്ള വേദിയാക്കുന്നത് മാർക്സിസ്റ്റു പാർട്ടിയുടെ രാഷ്ട്രീയപാപ്പരത്തത്തിന്റെ ലക്ഷണമാണ് എന്ന്

ന്യൂനപക്ഷാവകാശ സംരക്ഷണസമിതി പ്രസ്താവിച്ചു. രാഷ്ട്രീയ പാർട്ടികളുടെ നിയോഗങ്ങളേറ്റ ഒറ്റപ്പട്ടവരും ചില സാംസ്കാരിക നായകൻമാരും മെത്രാൻമാരെയും വൈദീകരെയും നിരന്തരം അവഹേളിക്കുന്നത് അവരുടെ വാക്കുകളുടെ പ്രസക്തിയെത്തന്നെ ഇല്ലാതാക്കുന്നു. വിശ്വാസികൾക്ക് പാർട്ടിയേക്കാൾ വലുത് തങ്ങളുടെ വിശ്വാസമാണെന്നും അതിനെ അവഹേളിക്കാൻ ഒരു രാഷ്ട്രീയപാർട്ടിയെയും അനുവദിക്കില്ലെന്നും മുന്നറിയിപ്പു സമ്മേളനം നൽകി. ഭരണഘടന ഉറപ്പ് നൽകുന്ന ന്യൂനപക്ഷ അവകാശങ്ങളുടെ മേൽ എപ്പോഴൊക്കെ അതിക്രമങ്ങളുണ്ടായിട്ടുണ്ടോ അപ്പോഴൊക്കെ ന്യൂനപക്ഷങ്ങൾ അതിനെതിരെ പ്രതികരിച്ചിട്ടുണ്ട്. അതുകണ്ട് ആരും കലിയിളകേണ്ട കാര്യമില്ലെന്നു സമ്മേളനം ഓർമ്മിപ്പിച്ചു. മാർ ജോസഫ് പൗവ്വത്തിലിന്റെ പ്രസ്താവനയെ രാഷ്ട്രീയ മുതലെടുപ്പ് ലക്ഷ്യമാക്കി വളച്ചൊടിക്കുന്നതു സാംസ്കാരിക കേരളം തിരിച്ചറിയുന്നുണ്ട്.

ന്യൂനപക്ഷാവകാശത്തിൽ സഭ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിന്റെ പ്രധാന ലക്ഷ്യം വിശ്വാസവും സംസ്കാരവും ജീവിത ശൈലിയും കൈമാറുകയെന്നതാണ്. ഭരണഘടനയുടെ ഈ ദർശനം ഉൾക്കൊള്ളാൻ കഴിയാത്തവരാണ് ക്രൈസ്തവ വിദ്യാർത്ഥികൾ ക്രൈസ്തവ സ്കൂളുകളിൽ പഠിക്കണമെന്ന പ്രസ്താവനയ്ക്കെതിരെ പുതുതായി എന്തോ കേട്ടതുപോലെ അക്ഷമരാകുന്നതെന്ന് കുറ്റപ്പെടുത്തി.

08. **മാർ പവ്വത്തിലിനെ വർഗീയവാദിയാക്കുന്നതു നിക്ഷിപ്ത താത്പര്യക്കാർ: കത്തോലിക്കാകോൺഗ്രസ്**

(ദീപിക 5-12-2007)

ക്രിസ്ത്യൻ വിദ്യാർത്ഥികൾ കഴിയുന്നത്ര ക്രിസ്ത്യൻ വിദ്യാലയങ്ങളിൽ പഠിക്കണമെന്ന് തിരുവനന്തപുരത്ത് പിതൃവേദി സമ്മേളനത്തിൽ പ്രസംഗിച്ച ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിലിനെ വർഗ്ഗീയവാദിയായി വിശേഷിപ്പിക്കുന്നത് നിക്ഷിപ്ത താത്പര്യക്കാർ മാത്രമായിരിക്കുമെന്ന് അഖിലകേരള കത്തോലിക്ക കോൺഗ്രസ് (എ.കെ.സി.സി.) ജനറൽ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ.

ഭരണഘടനയുടെ ആർട്ടിക്കിൾ 29,30 പ്രകാരം മത-ഭാഷ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങാൻ അവകാശം കൊടുത്തിരിക്കുന്നത് അവരുടെ സംസ്കാരവും ആചാരങ്ങളും കുട്ടികളെ പഠിപ്പിക്കാൻ വേണ്ടി മാത്രമാണ്. ക്രിസ്ത്യൻ സമുദായങ്ങൾ ഭരണഘടനാനുസൃതമായി തുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങളിൽ അവരുടെ കുട്ടികളെ പഠിപ്പിക്കണമെന്നാവശ്യപ്പെട്ടാൽ അതെങ്ങനെ വർഗീയതയും ഭരണഘടനാവിരുദ്ധവുമാകുമെന്ന് മനസിലാകുന്നില്ലെന്ന് ജോസ് വിതയത്തിൽ പറഞ്ഞു. ഭരണഘടന ശിൽപികളോട് ക്രിസ്ത്യൻ നേതൃത്വം ആവശ്യപ്പെട്ടതും സ്വന്തം ചെലവിൽ വിദ്യാലയങ്ങൾ തുടങ്ങാനുള്ള അവകാശം മാത്രമാണ്. സ്വന്തം കുട്ടികളെ അക്ഷരാഭ്യാസവും സംസ്കാരമുള്ളവരുമാക്കുന്നതോടൊപ്പം ഇതര സമുദായത്തിലുള്ള വിദ്യാർഥികൾക്കും പഠിക്കാൻ തുല്യമായ അവസരം ക്രിസ്ത്യൻ സമുദായം നൽകി എന്നത് വിസ്മരിക്കരുത്. ഇന്ത്യയുടെ പ്രഥമ പൗരനുൾപ്പെടെ നിരവധി ഉന്നതരെ ഈ സമുഹത്തിനു സംഭാവന ചെയ്തതും ഇതരസമുദായങ്ങളിൽപ്പെട്ട പാവപ്പെട്ടവർക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യമായി ഉന്നതവിദ്യാഭ്യാസം നൽകിയതും ക്രിസ്ത്യൻ സമുദായമാണ്. ജനാധിപത്യ ഭരണക്രമത്തിൽ ന്യൂനപക്ഷങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന പ്രത്യേക അവകാശങ്ങൾ കവർന്നെടുക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. വിദ്യാഭ്യാസചട്ട പരിഷ്കരണത്തിന്റെയും സ്വാശ്രയ വിദ്യാഭ്യാസനിയമത്തിന്റെയും എയ്ഡഡ് സ്കൂളുകളിൽ നിയമനാധികാരം ഏറ്റെടുക്കുവാനുമുള്ള ശ്രമങ്ങളുടേയും പേരിൽ ക്രിസ്ത്യൻ സമുദായത്തോട് നിഴൽ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്ന കേരളത്തിലെ ഭരണപക്ഷ രാഷ്ട്രീയ നേതൃത്വവും സംഘടനകളും വർഗീയസംഘടന നേതാക്കളും മാർ പവ്വത്തിലിനെപ്പോലൊരു മതമേലധ്യക്ഷനെ ഒറ്റപ്പെടുത്തി വിഭാഗീയത സൃഷ്ടിക്കാൻ ശ്രമിച്ചാലും സമൂഹമനസാക്ഷിയിൽ അത് ഒരു പോറലുമേൽപ്പിക്കില്ല. ന്യൂനപക്ഷങ്ങൾക്ക് വിദ്യാലയങ്ങൾ തുടങ്ങാനുള്ള അവകാശം ആരുടേയും ഔദാര്യമല്ലെന്നും മറിച്ച് അവകാശമാണെന്നും ആരേപണങ്ങൾ ഉന്നയിക്കുന്നവർ മറക്കരുതെന്നും ജോസ് വിതയതത്തിൽ ഓർമ്മിപ്പിച്ചു.